# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1666/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/11/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1666/2024 തീയ്യതി: 29/11/2024

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2024 | 21-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2024 | 21-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പോളി ടി.ഒ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സജീവ് എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സൗരഭ് സി,സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ഗോപി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ ബിന്ദു വർഗീസ് | സെക്രട്ടറി | 01-04-2023 | 30-11-2023 |
| ശ്രീമതി രാധാമണി കെ | സെക്രട്ടറി | 01-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജിജി ജോബ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ചെൽസ മറിയം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീമതി സിന്ധു വി ശങ്കർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷാലി വി എം | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്രീജ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ. ഗിരീഷ് ഗോപിനാഥ പിള്ള | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2023 | 31-03-2024 |
| ഡോ. എൽദോ പി വർഗീസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ലത പി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ശ്രീമതി റാണി കെ പി | വി ഇ ഒ, കോട്ടപ്പടി സർക്കിൾ | 01-04-2023 | 05-09-2023 |
| ശ്രീ രതീഷ് | വി ഇ ഒ, കോട്ടപ്പടി സർക്കിൾ | 06-09-2023 | 20-09-2023 |
| ശ്രീ അമിത്ത് ജെ. പ്രകാശ് | വി ഇ ഒ, കോട്ടപ്പടി സർക്കിൾ | 21-09-2023 | 31-03-2024 |
| ശ്രീ അൻപിൻരാജ് എസ് | വി ഇ ഒ, വടാശ്ശേരി സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി മെറിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 26-07-2023 |
| ശ്രീ. ആന്റണി വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-07-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവ് | 1-1-4 |
| 6 | വാടക കുടിശ്ശിക-ഡിമാന്റ് കൃത്യമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | ഹരിതകർമ്മസേന അവലോകനം | 1-10 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 17 | വസ്തുനികുതി നിർണ്ണയം - അപാകതകൾ | 1-12 |
| 18 | വസ്തുനികുതി - കുടിശ്ശിക നിലനിൽക്കുന്നു | 1-13 |
| 19 | കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ കണക്കാക്കി | 1-14 |
| 20 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. | 1-15 |
| 21 | എഫ്എച്ച്സി ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങനൾ നിയമാനുസൃത വാങ്ങൽ - മാർഗ്ഗരേഖ പാലിച്ചില്ല | 1-16 |
| 22 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല | 1-17 |
| 23 | കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി നൽകിയത് | 1-18 |
| 24 | വക്കീൽ ഫീസ് നൽകിയതിലെ അപാകത | 1-19 |
| 25 | വിരിപ്പക്കാട്ട് ചിറ ആഴം കൂട്ടി സംരക്ഷിക്കൽ - 16,56,000/- തടസ്സപ്പെടുത്തുന്നു. | 1-20 |
| 26 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിച്ചില്ല | 1-21 |
| 27 | മഹിളാ സാംസ്കാരിക നിലയം നിർമ്മിച്ചതിലെ അപാകതകൾ | 1-22 |
| 28 | പ്ലാമൂട് കർണ്ണൂർ റോഡ് മെയിന്റനൻസ് - അപാകതകൾ 51,171/- രൂപയുടെ | 1-23 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 29 | സർക്കാർ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-₹34,712/-തടസ്സപ്പെടുത്തുന്നു | 1-24 |
| 30 | സ്കൂൾ കെട്ടിടത്തിൽ അറ്റകുറ്റപണി നടത്തി- നിബന്ധനകൾ പാലിച്ചില്ല | 1-25 |
| 31 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - ഡിജിറ്റൽ രജിസ്റ്റർ ലഭ്യമല്ല | 1-26-1 |
| 32 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ - ₹50,000/-തടസ്സപ്പെടുത്തുന്നു | 1-26 |
| 33 | ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ചു | 1-27 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി - കുറഞ്ഞ നിരക്കിൽ ഈടാക്കി ₹500/-നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.05.2024 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 24.05.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടപ്പടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്, എറണാകുളം**

**തീയതി: 29.11.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവ്

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്ക് വേണ്ടിയാണ്. സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ (റോഡിതരം) ഓഡിറ്റ് വർഷത്തിൽ ₹348489/- ഉം സംരക്ഷണ ഗ്രാന്റ് (റോഡ് ) ൽ ₹978637/- ഉം മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-1-5 വാടക കുടിശ്ശിക-ഡിമാന്റ് കൃത്യമല്ല

ഷോപ്പിംഗ് കോംപ്ലക്സിലെ വാടക കുടിശ്ശിക എഴുതി തള്ളിയതായി കാണുന്നു. ഇതുമൂലം ധനകാര്യപത്രികയിലെ വാടക കുടിശ്ശിക കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടതായി കാണുന്നില്ല.

### 1-2 ബജറ്റ്

കോട്ടപ്പടി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 17.3.2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 28.03.2023 ലെ 1/(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 24.01.2024 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹ 2233163 | ₹ 2233163 |
| വരവ് | ₹ 234848083 | ₹ 240725603 |
| ആകെ | ₹ 237081246 | ₹ 242958766 |
| ചെലവ് | ₹ 232696525 | ₹ 238485418 |
| നീക്കിയിരുപ്പ് | ₹ 4384721 | ₹ 4473348 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19643185 |
| ഓഡിറ്റ് വർഷത്തെ വരവ് | 35970550 |
| ആകെ | 55613735 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33143824 |
| നീക്കിയിരിപ്പ് | 22469911 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു

വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14074000 | 14074000 | 13564290 | | 509710 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6521000 | 6521000 | 5789307 | | 731693 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 120000 | 120000 | 103950 | | 16050 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 21614350 | 21614350 | 7881324 | | 13733026 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5804000 | 5804000 | 4717397 | | 1086603 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 1886726 | 2571739 | 4458465 | 2494436 | 1964029 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 5562279 | 1748000 | 7310279 | 2054557 | 5255722 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം -320100196 | 518619 | 770369 | 1288988 | 264526 | 1024462 | |
| പി ബി ഐജി - 320300103 | 6241 | - | 6241 | - | 6241 | |
| ടോട്ടൽ സാനിട്ടേഷൻ – 320100181 | 3,07,000 | - | 3,07,000 | - | 3,07,000 | |
| ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് 320100106 | 29,702 | - | 29,702 | - | 29,702 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- | | | | | | |
| വിമുക്തി – 320200399 | 5,030 | - | 5,030 | - | 5,030 | |
| ഖരമാലിന്യ സംസ്കരണം 320200304 | 12,00,000 | - | 12,00,000 | - | 12,00,000 | |
| 320300199 (ലൈഫ്-സംസ്ഥാന വിഹിതം) | 1093744 | 3000000 | 4093744 | 4290000 | -196256 | |
| നിർമ്മൽ പുരസ്കാർ 320100191 | 92,075 | - | 92,075 | 0 | 92,075 | |
| ഐ.സി.ഡി.എസ്. സർവ്വീസ് 320100125 | 45,000 | 0 | 45,000 | 0 | 45,000 | |
| ഹെൽത്ത് ഗ്രാന്റ് - രോഗ നിർണ്ണയം അടിസ്ഥാന സൗകര്യം-320100202 | 146038 | 772939 | 918977 | 426149 | 492828 | |
| ഹെൽത്ത് ഗ്രാന്റ് –ഹെൽത്ത് & വെൽനസ്സ് – 320100204 | 19335 | 332883 | 352218 | 300060 | 52158 | |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2140423/- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹84630/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹970807/- ഉൾപ്പെടുന്നുണ്ട്.

. സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹348489/-ഉൾപ്പെടുന്നുണ്ട്.

. സംരക്ഷണ ഗ്രാന്റ് റോഡ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹978637/-ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി (ബേസിക്ക്) ൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹1837707/-ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി (ടൈഡ്) ൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹123532/-ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :-

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 156314525 | 138 | 51337733 | 10 | 79 | 61% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 904339 | 1361200 | 2265539 | 2259125 | 6414 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26283827 | 26283827 | 26283827 | 0 |
| ആകെ | 904339 | 27645027 | 28549366 | 28542952 | 6414 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 155 | 1701600 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 225 | 2459400 |
| 3 | വാർധക്യകാല പെൻഷൻ | 1869 | 16921100 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 24 | 249600 |
| 5 | വിധവാ പെൻഷൻ | 670 | 6774900 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2024 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹11936.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ 2001-2002 മുതലുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3) തൻവർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ലഭിച്ച 2,16,14,350 രൂപയുടെ 63.45% തുക (1086603/-) ലാപ്സായി. വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ അതത് മേഖലകളിൽ സമയ ബന്ധിതമായി ചെലവഴിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കി കാലേക്കൂട്ടി പ്രോജക്ട്

നിർവ്വഹണം ആരംഭിക്കുന്നുവെന്ന് ഭരണസമിതിയും ഉറപ്പാക്കണം.

## 1-10 ഹരിതകർമ്മസേന അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

### ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | കോട്ടപ്പടി |
| വാർഡുകൾ | 13 |
| ജനസംഖ്യ | 17903 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4463 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 235 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 4463 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 235 |

### ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയമാറ്റമാണ് വരുത്തിയിട്ടുള്ളത്. 26 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. യൂസർഫീ കാർഡ് മുഖേന വീടുകളിൽനിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്.

### മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തിവരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം പഞ്ചായത്തിലെ വിവിധ

വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 6 മിനി എം.സി.എഫുകളിലേക്ക് എത്തിക്കുകയും അവിടെ നിന്നും ചെറങ്ങനാൽ സ്ഥാപിച്ചിട്ടുള്ള മെയിൻ എം.സി.എഫിൽ എത്തിച്ച് നോർത്താംസ് കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ**

ഏകദേശം 2780 ച.അടിയുള്ള എം.സി.എഫ് ആണ് പ്രവർത്തിക്കുന്നത്. ഇതിൽ 80% വരുന്ന ഏരിയ സ്റ്റോറേജായും 20% ഏരിയ സോർട്ടിംഗിനായും ഉപയോഗിച്ചുവരുന്നു. കൂടാതെ ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ശേഖരിക്കുന്ന മാലിന്യം ഉറവിടത്തിൽ നിന്നുതന്നെ സെഗ്രഗേഷൻ നടത്തിയാണ് എം.സി.എഫിൽ എത്തിക്കുന്നത്. വെയിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നു 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ ഓട്ടോയ്ക്കുള്ള പ്രോജക്ട് വച്ചിട്ടുണ്ട്. എം.സി.എഫിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിക്കുന്ന എം.സി.എഫ് ആവശ്യത്തിന് സ്ഥലസൗകര്യമുള്ളതാണെന്ന് ബോധ്യപ്പെട്ടു.






കോട്ടപ്പടിയിൽ സ്ഥാപിച്ചിട്ടുള്ള മെയിൻ എംസിഎഫ്

ഹരിതകർമ്മസേനാംഗങ്ങൾ





മിനി എം.സി.എഫ് വാർഡ് 3

മിനി എം.സി.എഫ് വാർഡ് 5

**ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാത്രം സൂക്ഷിച്ചിട്ടുണ്ട്. മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് രണ്ട് തരം ഗ്ലൗസുകൾ, തൊപ്പി, യൂണിഫോം, ടാഗ്, റെയിൻ കോട്ടും, ഷൂവും വിതരണം ചെയ്തിട്ടുണ്ട്. എല്ലാ ഹരിത കർമ്മസേനാംഗങ്ങളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

**മാലിന്യ ശേഖരണ കലണ്ടർ**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പേപ്പർ, പ്ലാസ്റ്റിക്ക് | ജനുവരി |
| പോളി എത്തിലീൻ, പ്രിന്റിംഗ് ഷീറ്റ് | ഫെബ്രുവരി |

| | |
|---|---|
| ഇ-വേസ്റ്റ് | മാർച്ച് |
| തുണി മാലിന്യം | ഏപ്രിൽ |
| ചെരുപ്പ്, ബാഗ് തുടങ്ങിയവ | മെയ് |
| ആപത്കരമായ ഇ-വേസ്റ്റ് | ജൂൺ |
| ടയർ | ജൂലൈ |
| ഇലക്ട്രിക്ക് ബൾബ്, ഇലക്ട്രിക്ക് ട്യൂബ് | ഒക്ടോബർ |
| | നവംബർ |
| കുപ്പി, കുപ്പിചില്ല്, കണ്ണാടി | ഡിസംബർ |

**മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിക്കൽ 98% പൂർത്തീകരിച്ചിട്ടുണ്ട്. മാസത്തിൽ 15 മുതൽ 30 വരെയുള്ള ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലേയും കളക്ഷന് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ എല്ലാ ലോഡുകളും എം.സി.എഫ്ൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

**യൂസർഫീ വിവരങ്ങൾ**

2023-24 വർഷം 31 ടൺ മാലിന്യം ശേഖരിക്കുകയും നോർത്താംസ് കമ്പനിക്ക് തരം തിരിച്ച മാലിന്യം കൈമാറിയിട്ടുണ്ട്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 973750/- രൂപ മാലിന്യം/പാഴ് വസ്തുക്കൾ വിറ്റ വകയിൽ 76397/- രൂപയും ലഭിച്ചിട്ടുണ്ട്. 2023 ജൂലൈ മുതൽ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഹരിത കർമസേന യൂസർ ഫീ കാർഡ്നിർബന്ധമാക്കിയിട്ടുണ്ട്. ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും, കുട്ടികളുടെ ഹരിതസഭ, വ്യാപാരി വ്യവസായികളുടെ മീറ്റിങ്ങ്, കുടുംബശ്രീ മീറ്റിങ്ങ് എന്നിവയിലൂടെ ജന പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 സാമ്പത്തിക വർഷത്തിൽ 260 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ആയി ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും, പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തുവരുന്നു. ശരാശരി 5000/- രൂപയ്ക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാർജ്ജന സ്ക്വാഡ് പ്രവർത്തനങ്ങൾ, യൂസർ ഫീ കളക്ഷൻ അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ എന്നീ കാര്യങ്ങൾ റിവ്യൂ മീറ്റിംഗിൽ ഉൾപ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ/വാട്ട്സ്ആപ്പ് മുഖാന്തിരം പരാതി ലഭിച്ചതിനെ തുടർന്ന് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ 15200/- രൂപ ലഭിക്കുകയും, ടി വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**പരിശീലനവും വികസനവും**

മാലിന്യമുക്ത നവകേരളം മൂന്നാംഘട്ട പ്രവർത്തനം പഞ്ചായത്തുതല ശില്പശാല ഒക്ടോബർ 2023 ന് നടത്തി. മെയ് 2024 ന് കുടുംബശ്രീ ജില്ലാ മിഷൻ മുഖാന്തിരം സേനാംഗങ്ങൾക്ക് രണ്ട് ദിവസത്തെ കപ്പാസിറ്റി ബിൽഡിംഗ്/പരിശീലനം നൽകുകയുണ്ടായി. ഡിസംബർ 2023ന് മാലിന്യം തരംതിരിക്കുന്നതു സംബന്ധിച്ചും, സംരഭകത്വ വികസനം സംബന്ധിച്ചും നോർത്താംസ് കമ്പനി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവുമുള്ള റിവ്യൂ മീറ്റിംഗിൽ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യകാര്യങ്ങളിലുള്ള ബോധവൽകരണവും നടത്തിവരുന്നു.

**പൊതു നിർദ്ദേശങ്ങൾ**

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

3. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം തുണി കൊണ്ടുള്ള ക്യാരി ബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ കാർഷിക ജീവനത്തിനും, ഭൂപ്രകൃതിക്കും അനുയോജ്യമായ വിധം, മാലിന്യ സംസ്കരണത്തിന് സുസ്ഥിര സംവിധാനങ്ങൾ നടപ്പിലാക്കി, ഈയിനത്തിൽ പഞ്ചായത്തിന് ഭാവിയിൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ലഘൂകരിക്കാവുന്നതാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

2) ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് / ഉടമസ്ഥന്റെ പേര് | ലൈസൻസ് നം. (ലൈസൻസ് രജിസ്റ്റർ പ്രകാരം) | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ടൈകോ ഗ്രീൻ ലിമിറ്റഡ് | 50 | 5 |
| 2 | പ്രൈമസ് ഏജൻസീസ് | 39 | 4 |
| 3 | കുന്നത്തുകുടി സിമന്റ് പ്രൊഡക്ട്സ് | 4 | 8 |
| 4 | പൗർണ്ണമി ഹോട്ടൽ | 147 | 4 |
| 5 | സിറ്റി ഹാർഡ്‌വെയഴ്സ് | 112 | 5 |
| 6 | ഹോട്ടൽ ആദിൽ | 111 | 5 |
| 7 | എം.എ.എം ഇൻഡസ്ട്രീസ് | 110 | 5 |
| 8 | താസാ പ്ലൈവുഡ്സ് | 93 | 15 |
| 9 | കല്യാൺ ഏജൻസീസ് | 77 | 6 |
| 10 | ബി.കെ സ്റ്റാർ പ്ലാസ്റ്റിക്സ് | 74 | 5 |
| 11 | ആസാദ് ഹോട്ടൽ | 70 | 5 |
| 12 | ന്യൂ കേരള ഇൻഡസ്ട്രീസ് | 53 | 5 |

| | | | |
|---|---|---|---|
| 13 | ഫാത്തിമ ടിംബർ ഇൻഡസ്ട്രീസ് | 52 | 6 |
| 14 | എക്സൽ ബ്ലൂ മെറ്റൽസ് | 144 | 6 |
| 15 | ബ്ലൂ സ്റ്റാർ പ്ലൈവുഡ് | 16 | 25 |
| 16 | മേരി ഏലിയാസ് ക്വാറി | 1 | 4 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ചുള്ള ജീവനക്കാർ റിട്ടേൺ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധന നടത്തേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം./ തീയതി | ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | കുറവ് |
|---|---|---|---|---|---|
| 1 | പുത്തൻപുരയിൽ പ്ലൈവുഡ്സ് | 7/23-24 | 17 | 9 | 8 |
| 2 | ദി വില്ലേജ് ഇൻ | 115/23-24 | 11 | 7 | 4 |

4) ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തേക്കുള്ള സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-155 | രണ്ടാം അർദ്ധവർഷം |

5) 5 വർഷത്തെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2023-24 വർഷത്തെ തൊഴിൽ നികുതി(ട്രേഡേഴ്സ്) ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തൊഴിൽനികുതി (ട്രേഡേഴ്സ്) ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ ഉടമയുടെ പേര് | ലൈസൻസ് അനുവദിച്ച കാലയളവ് |
|---|---|---|
| 1 | എക്സൽ ക്വാറി | 2019-20 മുതൽ 2023-24 വരെ |
| 2 | എസ്.എൻ തടിമിൽ & ഫർണിച്ചർ യൂണിറ്റ് | " |
| 3 | ഉരു (സ്റ്റീൽ ഫർണിച്ചർ യൂണിറ്റ്) | " |
| 4 | യാസിൻ പ്ലൈവുഡ്സ് | " |
| 5 | ഫൈവ് സ്റ്റാർ പ്ലൈവുഡ് | " |
| 6 | വീനസ് പ്ലൈ | " |
| 7 | പുത്തൻപുരയിൽ പ്ലൈവുഡ് | " |
| 8 | കുറ്റിച്ചിറ പ്ലൈ & ബോർഡ്സ് | " |
| 9 | അബൂബക്കർ പി.എം, പാറേക്കാട്ട് | " |
| 10 | ടി.കെ പ്ലൈ & ബോർഡ്സ് | " |
| 11 | ഇറമ്പത്ത് ബഡ്ജറ്റ് ഫർണിച്ചർ | " |
| 12 | പാലക്കാടൻ ഗ്രാനൈറ്റ്സ് | " |
| 13 | വി.എം ടോമി, മെറ്റൽ ക്രഷർ | " |
| 14 | അബൂബക്കർ പി.എം, പാറേക്കാട്ട് (പ്ലൈവുഡ് നിർമ്മാണം) | " |
| 15 | ലിസ്സി റബേഴ്സ് | 2021-22 മുതൽ 2025-26 വരെ |

| | | |
|---|---|---|
| 16 | ട്രൈമോർ സർജിക്കൽസ് | ” |
| 17 | യു-സ്റ്റാർ പ്ലൈവുഡ്സ് | 2022-23 മുതൽ 2026-27 വരെ |
| 18 | റഡോൺ പ്ലൈ & ബോർഡ്സ് | ” |
| 19 | വി. സിക്സ് | ” |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/20.11.2024) മറുപടി ലഭിച്ചില്ല. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയം - അപാകതകൾ

വസ്തുനികുതി നിരക്ക് സംബന്ധിച്ച് കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടപ്പടി ഗ്രാമപഞ്ചായത്ത് 10-08-2023 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ചും മേഖലാ വിഭജനം നടത്തിയും 01-04-2023 തീയതി മുതൽ പ്രാബല്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ മുഴവൻ പി.ഡബ്ല്യൂ.ഡി റോഡുകളുടെ ഇരുവശത്തും 100 മീറ്റർ പരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ പ്രഥമമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന കെട്ടിടങ്ങൾ പി.ഡബ്ല്യൂ.ഡി റോഡിന് സമീപത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും ആയതിനെ ദ്വിതീയ മേഖലയിലുൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് നൽകിയിരിക്കുന്നു. കൂടാതെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം അംഗീകരിച്ച പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടങ്ങൾക്ക് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിനുള്ള 20% വർദ്ധനവ് ബാധകമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/21.11.2024) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | വാർഡ്നം/ കെട്ടിട നം | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി | റോഡിന്റെ പേര്/ വീതി | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന മേഖല/ അടിസ്ഥാന വസ്തുനികുതിയിൽ വന്ന ഇളവ് | സഞ്ചയ പ്രകാരം റോഡിന്റെ തരം | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ വരേണ്ടിയിരുന്ന വർദ്ധനവ് (20%) |
|---|---|---|---|---|---|---|---|
| 1 | 2/84 B | വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 191.61 X 25 = 4790.25 | ചേലക്കാപ്പള്ളി- ഉപ്പുകണ്ടം പി.ഡബ്ല്യൂ.ഡി റോഡ് - 7 മീറ്റർ | പ്രഥമം (ഇളവില്ല) | 1.5 മീറ്ററിൽ കൂടുതൽ | 4790.25 X 20% = 958.05 |
| 2 | 2/84 C | വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 10.68 X 30 =320.4 | | ദ്വിതീയം 320.4 X 10% = 32.04 | 1.5 മീറ്ററിൽ കൂടുതൽ | 320.4 X 20% = 64.08 |
| 3 | 2/84 D | പാർപ്പിടാവശ്യം | 28.28 X 5 = 141.4 | | ദ്വിതീയം 141.4 X 10% = 14.14 | 1.5 മീറ്ററിൽ കൂടുതൽ | 141.4 X 20% = 28.28 |
| 4 | 4/140 A | പാർപ്പിടാവശ്യം - 300 ച.മീ. വരെയുള്ളവ | 250.61 X 7 = 1754.27 | കോതമംഗലം വെറ്റിലപ്പാറ പി.ഡബ്ല്യൂ.ഡി റോഡ് - 5 മീറ്റർ | ദ്വിതീയം 1754.27x10% = 175.427 | 5 മീറ്ററോ അതിൽ കൂടുതൽ | 0 |
| 5 | 5/70 D | പാർപ്പിടാവശ്യം - 300 ച.മീ. വരെയുള്ളവ | 256.96 X 7 = 1798.72 | മില്ലുപടി ജംങ്ഷൻ മുട്ടത്തുപാറ പി.ഡബ്ല്യൂ.ഡി റോഡ് - 8 മീറ്റർ | ദ്വിതീയം 1798.72 X 10% =179.872 | 1.5 മീറ്ററിൽ കൂടുതൽ | 1798.72 X 20% = 359.744 |
| 6 | 6/311 A | ഗോഡൗൺ/ സ്റ്റോറേജ് | 404.16x55 =22228.8 | വടാശ്ശേരി തോളേലി | പ്രഥമം (ഇളവില്ല) | 1.5 മീറ്ററിൽ | 22228.8 X 20% = 4445.76 |

| | | | | | | |
|---|---|---|---|---|---|---|
| | | കെട്ടിടം | | പി.ഡബ്ല്യു.ഡി റോഡ് - 7മീറ്റർ | | കൂടുതൽ | |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പഞ്ചായത്തിലെ 2023-24 വർഷം നികുതി നിർണ്ണയം നടത്തിയ ഏതാനും കെട്ടിടങ്ങളുടെ അംഗീകൃത പ്ലാനും സഞ്ചയയും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. 10-08-2023 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 5 മീറ്ററോ അതിൽ കൂടതൽ വീതിയുള്ള റോഡുകൾ, 5 മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾ എന്നിങ്ങനെ പഞ്ചായത്തിലെ റോഡുകളെ തരം തിരിച്ചിട്ടുണ്ട്. എന്നാൽ അംഗീകരിച്ച പ്ലാനിൽ, കമ്മിറ്റി തീരുമാന പ്രകാരമുള്ള 5 മീറ്ററോ അതിൽ കൂടതലോ വീതിയുള്ള റോഡുകൾക്ക് സമീപമാണ് പ്ലോട്ടെങ്കിലും സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗം എന്ന് രേഖപ്പെടുത്തി പ്രസ്തുത പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് റോഡിന്റെ വീതിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ബാധകമാക്കുന്നില്ല.

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതിയിൽ നിശ്ചിത ശതമാനം ഇളവുകളും വർദ്ധനവും അനുവദിക്കുന്നത് എന്നതിനാൽ ഇവയുടെ ഡാറ്റാ എൻട്രിയിലെ പിഴവ് വസ്തുനികുതി നിർണ്ണയത്തെ ബാധിക്കുന്നതാണ്. ആയതിനാൽ മേൽ ഘടകങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലൂടെ വസ്തുനികുതി ഇനത്തിലെ നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

## 1-13 വസ്തുനികുതി - കുടിശ്ശിക നിലനിൽക്കുന്നു

2023-24 സാമ്പത്തികവർഷത്തെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം വസ്തുനികുതി ഇനങ്ങളിൽ താഴെ ചേർക്കും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| വസ്തുനികുതി -റസിഡൻഷ്യൽ കെട്ടിടങ്ങൾ (കറന്റ്) | 99,071 |
| വസ്തുനികുതി -റസിഡൻഷ്യൽ കെട്ടിടങ്ങൾ (അരിയർ) | 68,139 |
| വസ്തുനികുതി -നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾ (കറന്റ്) | 1,20,793 |
| വസ്തുനികുതി-നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾ (അരിയർ) | 1,76,103 |
| ആകെ | **4,64,106** |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/21.11.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ കുടിശ്ശിക ഈടാക്കുവാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളും ഓഡിറ്റ് തീയതി വരെ ഒടുക്കിയ തുകയുടെ വിവരവും അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ കണക്കാക്കി

ശ്രീ.ടി.കെ ഉമ്മർ, തോട്ടത്തിക്കുടി, പാനിപ്ര എന്നയാളുടെ ഉടമസ്ഥതയിലുള്ള നിർമ്മാണം പൂർത്തിയായ കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പൂർത്തീകരിച്ച ഏരിയ (Completed Area) | |
|---|---|
| നില/ഉപയോഗക്രമം | പ്ലിന്ത് ഏരിയ (ച.മീ.) |
| ഒന്നാം നില (വാണിജ്യം+ ടോയ്‌ലറ്റ്) | 39.06 + 12.92 = 51.98 |
| ഒന്നാം നില (സ്പെഷ്യൽ റസിഡൻസ്) | 60.70 |
| നിലവിലുള്ള കെട്ടിടത്തിന്റെ ഏരിയ (Existing Building Area) | |
| താഴത്തെ നില (വാണിജ്യം) | 24 |
| ആകെ പ്ലിന്ത് ഏരിയ | 136.68 |

ക്രമവത്ക്കരണ നടപടികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചു കൊണ്ടുള്ള ഉത്തരവ് (അപ്പന്റിക്സ് – ജി1) ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) റഗുലറൈസേഷൻ അപേക്ഷയിൽ (അപ്പന്റിക്സ് - എ1) 60.70 ച.മീ കെട്ടിടം സ്പെഷ്യൽ റസിഡൻസ് ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന് താഴെ ചേർക്കും പ്രകാരം നമ്പർ നൽകി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമെന്ന് രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചിരിക്കുന്നു.

| വാർഡ് നം/ കെട്ടിട നം | സഞ്ചയപ്രകാരം അടിസ്ഥാന വസ്തുനികുതി | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ടിയിരുന്ന ഉപയോഗക്രമം/ നികുതി നിരക്ക് | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി |
|---|---|---|---|
| 10/86 A | 15.54 X 7 = 108.78 | ലോഡ്ജ്, ഹോട്ടൽ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ – 300 ച.മീ വരെയുള്ളവ -₹55/ച.മീ | 15.54 X 55 = 854.7 |
| 10/86 B | 28.12 X 7 = 196.84 | | 28.12 X 55 = 1546.6 |
| 10/86 C | 17.04 X 7 = 119.28 | | 17.04 X 55 = 937.2 |

മേൽ മുറികളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(26/21.11.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത പരിഹരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 1-15 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | എസ്ഒ 261/24<br>സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹85000/-<br>വികസന ഫണ്ട് (പൊതു വിഭാഗം ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | ₹84630/-<br>(ആർ.ബി.ഐ0892470750498/27.03.2024 |

കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ വിവിധ റോഡുകളിൽ ക്യാമറ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ₹84630/- നൽകിയിരുന്നു. വിവിധ റോഡുകളിൽ ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി നാളിതുവരെ തുടങ്ങിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.11.2024) ലഭ്യമാക്കിയ മറുപടിയിൽ സാക്ഷ്യപത്രം ലഭ്യമാക്കിയെന്ന് അറിയിച്ചിരുന്നു. ലൈൻ വലിക്കൽ പൂർത്തീകരിച്ചുവെന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഫയലിൽഉൾപ്പെടുത്തിയെങ്കിലും ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വന്യമൃഗങ്ങൾ വനങ്ങളിൽ നിന്നിറങ്ങി പഞ്ചായത്തിന്റെ പലഭാഗത്തും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിൽ റോഡുകളിൽ ക്യാമറ സ്ഥാപിക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകണം.

## 1-16 എഫ്എച്ച്സി ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നിയമാനുസൃത വാങ്ങൽ - മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം | ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, 231/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കോട്ടപ്പടി |
| അടങ്കൽ തുക | ₹141629/- രൂപ. (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. തീയതി | ₹54471/-326/23.1.24<br>₹37198/-325/23.1.24<br>₹41860/-327/23.1.24 |

| | |
|---|---|
| | ₹7755/-415/11.3,24<br>₹345/-442/16.3.24 |

കോട്ടപ്പടി എഫ്.എച്ച്.സി.യിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങളുടെ ഭാഗമായി മേൽ പ്രോജക്ട് പ്രകാരം ലാബ് റീയേജന്റുകൾ വാങ്ങുന്നതിനായി ഗ്ലോബൽ ഡയഗോസ്റ്റിക്ക് എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെൻറ് മാന്വൽ (സ.ഉ(അ)നം.259/2010/തസ്വഭവ തീ.08.11.2010) പ്രകാരം 5000/- മുതൽ 25000/- രൂപ വരെയുള്ള പർച്ചേസുകളും ക്വട്ടേഷൻ മുഖേന നടത്തണമെന്നിരിക്കെ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്തിയതായി ഫയലിൽ കാണുന്നില്ല. വാങ്ങൽ ക്വട്ടേഷൻ ഇല്ലാതെ നേരിട്ട് വാങ്ങിയതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/19.11.2024 നൽകിയതിനുള്ള മറുപടിയിൽ ആയത് ശ്രദ്ധിച്ചുകൊള്ളാമെന്നറിയിച്ചിട്ടുണ്ട് ആയതിനാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ മാർഗ്ഗരേഖ പാലിച്ച് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 62/24<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | ₹2,00,000/-<br>(ആർ.ബി.ഐ0472472390874/15.02.2024 |

കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ ₹2,00,000/- ഹോമിയോപതിക് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് 07/എൻ15/23-24/1 08.11.2023 പ്രകാരമുള്ള ഓർഡർ നൽകിയതിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/16.11.2023) മറുപടി ലഭ്യമാക്കിയില്ല. 2,00,000/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി നൽകിയത്

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി എടുക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ കമ്പ്യൂട്ടറുകളുടെ പരിപാലനത്തിനായി ₹83426/- നൽകിയിരുന്നു. 05.07.2012 ലെ സ.ഉ.(സാധ)നം 1869/2012/തസ്വഭവ ഉത്തരവ് പ്രകാരം കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റ പണി നടത്തുന്നതിന് കെൽട്രോണുമായി കരാറിലേർപ്പെടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് വ്യവസ്ഥകൾ വെച്ചിരുന്നു.

1) സെർവർ കമ്പ്യൂട്ടറിന്റെ അറ്റകുറ്റപണിക്കായി ഒറിജിനൽ എക്യൂപ്മെന്റ് മാനുഫാക്ചററുമായി കെൽട്രോൺ കരാർ ഉണ്ടാക്കേണ്ടതും അതിനുള്ള ചെലവ് സെർവർ കമ്പ്യൂട്ടറിന്റെ എ.എം.സി. തുകയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിരുന്നു.

2) വാർഷിക അറ്റകുറ്റപ്പണി കരാറുകൾ ഇൻഫർമേഷൻ കേരള മിഷൻ മോണിറ്റർ ചെയ്യേണ്ടതാണ്.

3) വാർഷിക അറ്റകുറ്റപ്പണി കരാറിൽ റിപ്പയറിനെടുക്കാവുന്ന കൂടിയ സമയം, ആ സമയത്തിനുള്ളിൽ റിപ്പയർ നടത്തിയില്ലെങ്കിൽ പകരം കമ്പ്യൂട്ടറുകൾ നൽകുന്ന കാര്യം ഉൾപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/16.11.2024) മറുപടി ലഭ്യമാക്കിയില്ല.

മേൽ നിബന്ധനകൾ പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വക്കീൽ ഫീസ് നൽകിയതിലെ അപാകത

ബഹു. ഹൈക്കോടതി കേസ് നം.WPC No. 711/2021 Dated 4-1-2021 കേസുമായി ബന്ധപ്പെട്ട വക്കീൽ ഫീ ഇനത്തിൽ വൗച്ചർ നമ്പർ 22300638/16-1-24 (ചെക്ക് നമ്പർ 9124894/16-1-24) പ്രകാരം 15000/- രൂപ അഡ്വ. ശശീന്ദ്രൻ ന് നൽകിയിട്ടുണ്ട്.

M/s. ലിസി റബേഴ്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നല്കാത്തതിനാൽ ഈ സ്ഥാപനം പഞ്ചായത്തിനെ എതിർകക്ഷിയാക്കി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് 1-2-21 ലാണ്. ഈ കേസ് പ്രയോജനകരമല്ലാത്തിനാൽ കേസ് പിൻവലിക്കാൻ പരാതിക്കാരൻ കോടതിയിൽ അപേക്ഷിക്കുയും അപ്രകാരം 4-12-23 - ൽ കേസ് ഒഴിവാക്കിയിട്ടുള്ളത്. 24.5.2023 - ൽ ഈ കേസ് പരാതിക്കാരൻ തന്നെ പിൻവലിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുക മാത്രമാണ് ചെയ്തത്. ആയതിനാൽ ഇതിന് ആനുപാതികമായ തുക മാത്രമാണ് വക്കീൽ ഫീസായി നൽകാവുന്നത്.

2003 - ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം (5 (1) (Vi) പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന്, കേസൊന്നിന് 3000/- രൂപയിൽ കവിയാത്ത ഫീസ് ആണ് നൽകാവുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.2.2016 - ലെ സ.ഉ. (എം എസ്) 36/16 നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള കേസൊന്നിന് 15000/- രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഒരു കേസിന്റെ മുഴുവൻ നടപടിക്രമങ്ങൾക്കുമാണ് കേസൊന്നിന് 15000/-രൂപ വരെ നൽകാമെന്ന് വ്യക്തമാക്കിയിട്ടുള്ളത്. തന്നെയുമല്ല ഈ തുക ബാധകമാകുന്നത് കേസിന് ഹാജരാകൽ, എതിർ സത്യവാങ്മൂലം ഫയൽ ചെയ്യൽ, വാദം മുതലായ എല്ലാ പ്രവൃത്തികൾക്കും കൂടിയാണ്.

മേൽപ്പറഞ്ഞ കേസിൽ സ്റ്റാൻഡിംഗ് കൗൺസൽ കോടതിയിൽ ഹാജരാവുക മാത്രമേ ചെയ്തിട്ടുള്ളൂ. ആയതിന് ആനുപാതികമായ തുകയാണ് നൽകാവുന്നത്. എന്നാൽ ഇക്കാര്യത്തിൽ നിലവിലുള്ള ഉത്തരവിന് അനുസൃതമല്ലാതെ, സ്റ്റാൻഡിംഗ് കൗൺസൽ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്. പഞ്ചായത്ത് രാജ് ചട്ടം (5 (1) (Vi) പ്രകാരമുള്ള 3000/- രൂപയിൽ കവിഞ്ഞ് നൽകിയ ടിയാളിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞ അതേ വിഷയത്തിന് ഈ സ്ഥാപനം 18-11-21 - ൽ WPC No. 10133/2021 പ്രകാരം പഞ്ചായത്തിന് എതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നു. അതിന്റെ വിധി 26-3-22 - ൽ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിനായി വക്കീൽ ഫീസ് ഇനത്തിൽ വൗച്ചർ നമ്പർ 22200288/27-2-22 പ്രകാരം 15000/- രൂപ അഡ്വ. ശശീന്ദ്രൻ ന് നൽകിയിട്ടുണ്ട്.

ഒരേ കേസ് രണ്ട് പ്രാവശ്യം വരാനുള്ള കാരണവും വ്യക്തമല്ല. ഇത് പരിശോധിക്കേണ്ടതാണ്. മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/20-11-24) മറുപടി ലഭ്യമാക്കിയില്ല.

## 1-20 വിരിപ്പക്കാട്ട് ചിറ ആഴം കൂട്ടി സംരക്ഷിക്കൽ - 16,56,000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തി | വിരിപ്പക്കാട്ട് ചിറ ആഴം കൂട്ടി സംരക്ഷിക്കൽ |
| പ്രോജക്ട് നം. | S 0195/24 |
| കരാറുകാരൻ | യദു കൃഷണൻ |
| എസ്റ്റിമേറ്റ് | ₹16,56,000/- |
| എഗ്രീഡ് തുക | ₹11,04,511/- |
| എം ബുക്ക് | 642/21-22 |
| ചെയ്ത പ്രവൃത്തി | 13,03,272/- (Bill No.535, 25/3/24) |
| എഗ്രിമെന്റ് | 18/AE/Lsgd/KTPDY/21-22 Dtd 10-3-22 |

വിരിപ്പക്കാട്ട് ചിറയിലുള്ള വാട്ടർ അതോറിറ്റിയുടെ കീഴിലെ കിണറും ഫിൽട്ടറിംഗും മോശമായതിനാൽ വാട്ടർ സപ്ലൈ മോശമാണ് എന്ന് പറയുന്നു. ആയതിനാൽ ചിറയിലെ വെള്ളം വറ്റിച്ച് മണ്ണ് നീക്കം

ചെയ്യുകയും ആ മണ്ണ് ഏതെങ്കിലും സ്ഥലം ലീസിലെടുത്ത് അവിടെ നിക്ഷേപിക്കുകയും പിന്നീട് ലേലം ചെയ്ത് വില്ക്കുകയുമാണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ ചിറയിലെ മണ്ണ് 86.50 M X 84 M X 0.884 M = 6423 M3 മണ്ണ് നീക്കം ചെയ്യുകയാണ് ലക്ഷ്യം. ഈ പ്രവൃത്തിയുടെ എംബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്യുന്നത് 29/7/23-ൽ ആണ്. അത് പ്രകാരം ഈ ചിറയിലെ മണ്ണ് നീക്കം ചെയ്തതിന് 6379.696 M3 X 170/m3 = 10,84,548.32 രൂപയും വെള്ളം വറ്റിച്ചതിന് 332 Hrs X 60/hrs = 19,920/- രൂപയും അതിന്റെ ജിഎസ്ടി 1,98,804 രൂപ ഉൾപ്പെടെ 13,03,272/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്ന് നികുതികൾ എല്ലാം കിഴിച്ച് കരാറുകാരന് 12,59,093/- രൂപ നൽകി.

2021-22 സാമ്പത്തിക വർഷത്തിലെ പ്രൊജക്ടിൽ ഉൾപ്പെടുത്തി ടെൻഡർ നടത്തി 2022 നവംബർ മാസത്തിൽ ഈ പ്രവൃത്തി നടപ്പിലാക്കിയതാണെന്നും എന്നാൽ ഈ പ്രൊജക്ട് സ്പിൽ ഓവർ ആയി തുടരുകയാണ് എന്നും ഇതുവരെ തുക നൽകിയിട്ടില്ല എന്നും അസ്സി. എൻജിനിയർ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ വ്യക്തമാക്കുന്നു. ( No. 47-AE/LID&EW/KTPDY/2023-24 Dtd 17-8-23). ഈ ചിറയിൽ സ്ഥിതി ചെയ്യുന്ന കിണറും പമ്പ് ഹൗസും വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്നതാണ് എന്നും വ്യക്തമാക്കുന്നു. കൂടാതെ കിണർ വൃത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ അംഗീകാരം വേണമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ.

1. ചിറയിലെ മണ്ണ് പഞ്ചായത്ത് ചെലവിൽ എടുത്ത് പിന്നീട് അവ ലേലം ചെയ്യുന്നതിന് പകരം മണ്ണ് എടുക്കുന്നതും അവ കൊണ്ട് പോകുന്നതിനും ഉൾപ്പെടെ ലേലം ചെയ്യുകയാണെങ്കിൽ ഇതിൽ പഞ്ചായത്തിന് ഒരു ചെലവും വരാതെ ഒരു വരുമാനം ലഭിക്കുമായിരുന്നു. ചിറയിലെ മണ്ണ് ഇപ്രകാരം മറ്റ് പഞ്ചായത്തുകൾ ലേലം ചെയ്ത് വരുന്നുണ്ട്.

2. കുഴിച്ചെടുത്ത മണ്ണ് എവിടെയാണ് നിക്ഷേപിച്ചത് എന്നോ നിക്ഷേപിച്ച മണ്ണിന്റെ അളവോ ഫയലിൽ ലഭ്യമല്ല. ഇവ ലേലം ചെയ്ത വിവരവും ലഭ്യമല്ല.

3. അസിസ്റ്റന്റ് എൻജിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ (No.47-AE/LID&EW/KTPDY /2023-24 Dtd 17-8-23), ഈ പ്രവൃത്തി 2022 നവംബർ മാസത്തിൽ ചെയ്തു എന്ന് വ്യക്തമാക്കുന്നു. എന്നാൽ എം.ബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്യുന്നത് 29/7/23- ൽ ആണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് പരിശോധിക്കേണ്ടതാണ്. പദ്ധതി തൻവർഷത്തേതാണോ, മുൻവർഷം ചെയ്ത പ്രവൃത്തിയാണോ എന്ന് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

4. പ്രവൃത്തിയിൽ മെറ്റീരിയൽ പ്രവൃത്തി ഒന്നും ഇല്ലാത്തതിനാൽ ജിഎസ്ടി ഒന്നും നൽകേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ ജിഎസ്ടി 18 % കണക്കാക്കി 1,98,804/- കരാറുകാരന് നൽകിയിട്ടുണ്ട്.

5. പ്രവൃത്തിയിൽ വെള്ളം വറ്റിച്ചതിന് 332 Hrs X 60/hrs = 19,920/- രൂപ നൽകിയിട്ടുണ്ട്. ഈ സ്ഥലം നേരിട്ട് കണ്ടതിൽ ഇത്രയും വലിയ ചിറയിലെ വെള്ളം എപ്രകാരമാണ് വറ്റിച്ചത് എന്ന് അറിയാൻ കഴിയുന്നില്ല. ഈ ചിറയുടെ ഏരിയ 86.50 M X 84 M = 7266 M2 (180 Cent) ആണ്.

6. കുഴിച്ചെടുത്ത മണ്ണ് ഒരു സ്ഥലത്ത് നിക്ഷേപിച്ചതായി കണ്ടു. എന്നാൽ ഇതിന്റെ അളവോ ആരുടെ സ്ഥലമാണ് എന്നോ വ്യക്തമല്ല. ഇവ ലേലം ചെയ്യാത്തതിന്റെ കാരണവും വ്യക്തമല്ല.

7. സ്ഥലം നേരിട്ട് കണ്ടതിൽ ഈ പ്രവൃത്തി കൊണ്ട് ഒരു പ്രയോജനവും ഉള്ളതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6/16-11-24) മറുപടിയിൽ ഇനി മുതൽ മണ്ണ് കുഴിച്ചെടുത്ത് കരാറുകാരൻ കൊണ്ടു പോകുന്ന രീതിയിൽ ടെൻഡർ ക്ഷണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ മണ്ണ് 19-2-22-ലെ 1 (2) തീരുമാനപ്രകാരം സൊസൈറ്റി വക സ്ഥലത്ത് നിക്ഷേപിച്ചിട്ടുണ്ട് എന്നും അത് ലേല നടപടിക്കായി സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ബില്ല് ആണ് എം.ബുക്കിൽ രേഖപ്പെടുത്തിയത് എന്നും ഇത് കരാർ പ്രവൃത്തിയായതിനാലാണ് 18 % ജി.എസ്.റ്റി. നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. ചിറയോട് ചേർന്നുള്ള രണ്ട് തോടുകളിലേക്ക് മോട്ടോർ ഉപയോഗിച്ച് വെള്ളം

വറ്റിക്കുകയാണ് ചെയ്തത് എന്നും, പീരിയോഡിക്കൽ മെയിന്റനൻസ് ഇല്ലാത്തതിനാലാണ് ചിറ ഈ അവസ്ഥയിൽ കാണുന്നത് എന്നുമാണ് മറുപടി നൽകിയത്.

മറുപടി പൂർണ്ണമല്ല. നിക്ഷേപിച്ച മണ്ണിന്റെ അളവ് ലഭ്യമല്ല. ഇതുവരെ ലേലം ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തി എം.ബുക്കിൽ രേഖപ്പെടുത്തിയത് പ്രവൃത്തിയുടെ ബില്ല് പ്രകാരമാണ് എന്ന് മറുപടിയിൽ പറയുന്നു. ആയതിനാൽ ഈ പ്രവൃത്തി ചെയ്തത് എന്നാണ് എന്ന് വ്യക്തമല്ല. പ്രവൃത്തി ചെയ്ത വിവരം എംബുക്കിൽ രേഖപ്പെടാത്താതെയാണ് ബില്ല് തയ്യാറാക്കിയത് എന്നും കാണുന്നു. കൂടാതെ ഇത്രയും വലിയ ചിറയിൽ നിന്നും വെള്ളം വറ്റിച്ചു എന്നതും അന്വേഷിക്കേണ്ടതാണ്. ഈ പ്രവൃത്തിക്ക് ജി.എസ്.റ്റി. നൽകേണ്ടതില്ല. ജി.എസ്.റ്റി. തുക തിരികെ ഈടാക്കേണ്ടതാണ്.

മേൽ കാരണങ്ങളാൽ തുക 16,56,000/- തടസ്സപ്പെടുത്തുന്നു.

## 1-21 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിച്ചില്ല

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 16/20.11.2024 നൽകിയതിനുള്ള മറുപടിയിൽ പി.ബി.ഐ.ജി(320300103) നീക്കിയിരുപ്പ് തുകയായ 6241/- രൂപ പൂർണ്ണമായും ഉപയോഗിച്ച് തീർന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ഹെഡ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബാക്ക്വോർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് 320100106 | 29702 | 0 | 29702 | 0 | 29702 |
| ഐ.സി.ഡി.എസ് സർവ്വീസ് 320100125 | 45000 | 0 | 45000 | 0 | 45000 |
| നിർമ്മൽ പുരസ്കാർ 320100191 | 92075 | 0 | 92075 | 0 | 92075 |
| വിമുക്തി 320200399 | 5030 | 0 | 5030 | 0 | 5030 |
| പി.ബി.ഐ.ജി 320300103 | 6241 | 0 | 6241 | 0 | 6241 |

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഇനിയും നീക്കിയിരുപ്പായി അവശേഷിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ, മറ്റ് ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ്/ഫണ്ട് നിരീക്ഷിക്കുന്നതിന് എസിആർ(മാനുവൽ) എഴുതി, സൂക്ഷിക്കേണ്ടതും, ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-22 മഹിളാ സാംസ്കാരിക നിലയം നിർമ്മിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0176/24 |
| പ്രവൃത്തി | മഹിളാ സാംസ്കാരിക നിലയം നിർമ്മിക്കുക |
| കരാറുകാരൻ | ബിജു മോൻ പി. എ |
| എസ്റ്റിമേറ്റ് | 18,00,000/- |
| എം ബുക്ക് | 36/20-21 |
| ആകെ | 9,84,616/-<br>₹1,00,816 (ബിൽ നം. 203/6.1.22)<br>₹2,24,104 (ബിൽ നം. 153/11.10.23)<br>₹2,60,153 (ബിൽ നം. 231/29.1.22)<br>₹3,99,183 (ബിൽ നം. 327/27.3.24) |

| | |
|---|---|
| തൻവർഷം ചെലവഴിച്ച തുക | 984616-260153 = ₹724463/- |
| എഗ്രിമെന്റ് | 57/AE/LSGD/KTPDY/20-21 തീയതി. 22/2/21 |

ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 187.57 ച.മീ വിസ്തീർണ്ണത്തിൽ ഒരു മഹിള സാസ്കാരിക നിലയം പണിയുകയാണ് പ്രവൃത്തി. ഇതിൽ ഒരു ഹാളും ഒരു ഓഫീസ് മുറിയും ഒരു ബാത്ത് റൂമും ഉൾപ്പെടുന്നു. ഈ പ്രവ്യത്തിയുടെ എസ്റ്റിമേറ്റിൽ തറയും കോളവും ബീമും റൂഫിംഗും ഉൾപ്പെടെ സ്ട്രക്ചർ പ്രവ്യത്തികൾ എല്ലാം ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തി 25.2.21 – ൽ ആരംഭിച്ച് ഫസ്റ്റ് പാർട്ട്ബില്ല് പ്രകാരമുള്ള 3,99,183/ രൂപ 27.3.21 – ൽ നല്കി. ഇതിന്റെ സെക്കന്റ് പാർട്ട് ബില്ല് പ്രകാരമുള്ള തുക 3,69,580/- രൂപ 29.1.22 – ൽ നൽകി. സെക്കന്റ് പാർട്ട് ബില്ലിൽ എസ്റ്റിമേറ്റിലെ അളവിൽ ലിമിറ്റ് ചെയ്താണ് തുക നൽകിയത്. പിന്നീട് ഒരു പ്രവ്യത്തിയും ചെയ്തിട്ടില്ല. തേർഡ് & ഫൈനൽ ബില്ല് പ്രകാരം സെക്കന്റ് പാർട്ട് ബില്ല് പ്രകാരം ചെയ്ത എല്ലാ പ്രവ്യത്തിയുടെയും അളവ് കണക്കാക്കി തുക നൽകി. സെക്കന്റ് പാർട്ട് ബില്ല് നല്കി ഏതാണ്ട് ഒരു വർഷവും 9 മാസവും കഴിഞ്ഞാണ് തേർഡ് & ഫൈനൽ ബില്ല് പ്രകാരം ബാക്കി 2,24,104/- രൂപ നൽകിയത്. എസ്റ്റിമേറ്റിലുള്ള ബീമുകളും റൂഫ് സ്ലാബും ഒഴിവാക്കിയാണ് ഫൈനൽ ബില്ല് തയ്യാറാക്കി നൽകിയത്. ഈ പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതം 5,00,000/- രൂപ വകയിരുത്തിയിരുന്നു.

ഈ ഫയൽ പരിശോധിച്ചതിൽ ഈ പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.34/2022/തസ്വഭവ തീയതി 19.04.2022 ഉത്തരവിന്റെ ഖണ്ഡിക നം. 3.5.4ൽ സംയുക്ത പ്രൊജക്ടുകൾക്ക് തുക വകയിരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുസൃതമായി ചർച്ച ചെയ്ത് തീരുമാനിച്ചാണോ തുക വകയിരുത്തിയത് എന്ന ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ജില്ലാ പഞ്ചായത്ത് വാങ്ങിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പഞ്ചായത്തിന് പൂർത്തിയാക്കിയിരുന്നില്ല.

ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ കോതമംഗലം എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചു. ടെൻഡർ 26.12.22–ൽ ഓപ്പൺ ചെയ്യുകയും അത് ഈ കരാറുകാരന് തന്നെ ലഭിക്കുകയും ചെയ്തു. അത് പ്രകാരം 1.6.23ൽ പ്രവൃത്തി ആരംഭിക്കുകയും 19.3.24–ൽ പൂർത്തിയാക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പണി ഏറ്റെടുത്ത് പണികൾ പൂർത്തീകരിച്ച് കൊണ്ടിരിക്കുകയാണ് എന്ന് കരാറുകാരൻ 2.9.23 -ൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. അത് പ്രകാരം അത് വരെ ചെയ്ത പ്രവൃത്തിയുടെ തുക കരാറുകാരന് നൽകി പ്രവൃത്തി ക്ലോസ് ചെയ്തു.

ഗ്രാമ പഞ്ചായത്ത് ഈ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കേയാണ് ജില്ലാ പഞ്ചായത്ത് ഇതിനായി ടെൻഡർ ക്ഷണിച്ചതും പ്രവൃത്തി നടപ്പിലാക്കിയതും. അതായത് ഗ്രാമ പഞ്ചായത്ത് ചെയ്ത പ്രവൃത്തി ക്ലോസ് ചെയ്യുകയോ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകുകയോ ചെയ്യുന്നതിന് മുൻപാണ് ജില്ലാ പഞ്ചായത്ത് ടെൻഡർ നടപടികൾ സ്വീകരിച്ചത്. ഈ പ്രവൃത്തി നേരിട്ട് കണ്ടതിൽ പ്രവൃത്തി എല്ലാം പൂർത്തിയാക്കിയതായി കാണുന്നു.

ഓഡിറ്റ് പരാമർശങ്ങൾ.

1. പ്രോജക്ടിൽ ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് വിഹിതം 5,00,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്ത് ഈ പ്രോജക്ടിൽ വിഹിതം നൽകുന്നതിന് തുക വകയിരുത്തിയിരുന്നില്ല. ജില്ലാ പഞ്ചായത്ത് തുക വകയിരുത്താതെ എപ്രകാരമാണ് ജില്ലാ പഞ്ചായത്ത് വിഹിതം ഈ പ്രോജക്ടിൽ ഉൾപ്പെട്ടത് എന്ന് വ്യക്തമാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് ചെയ്ത പ്രവൃത്തി ക്ലോസ് ചെയ്യുകയോ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകുകയോ ചെയ്യുന്നതിന് മുമ്പ് ജില്ലാ പഞ്ചായത്ത് ഇതിനായി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കിയതിന് മറുപടി നൽകേണ്ടതാണ്. ഈ നിർമ്മാണത്തിന് വേണ്ടി ഗ്രാമപഞ്ചായത്ത് ചെയ്ത പ്രവൃത്തികൾ മനസിലാക്കാതെയാണ് ജില്ലാ പഞ്ചായത്ത് ടെൻഡർ ക്ഷണിച്ചതും പ്രവൃത്തി നടപ്പിലാക്കിയതും. ആയതിനാൽ ഗ്രാമഞ്ചായത്ത് ചെയ്ത പ്രവൃത്തികൾ ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ

എന്നും വ്യക്തമല്ല. മറുപടി നൽകേണ്ടതാണ്.

3. സെക്കന്റ് പാർട്ട് ബില്ല് പ്രകാരം തുക നൽകിയതിന് ശേഷം ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ കോതമംഗലം എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി ടെൻഡർ ഏറ്റെടുത്ത് പണികൾ 1.6.23-ൽ ആരംഭിച്ചിട്ടുണ്ട്. അതായത് ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ തുടങ്ങി ഏതാണ്ട് നാല് മാസം കഴിഞ്ഞാണ് പഞ്ചായത്ത് ഫൈനൽ ബില്ല് പ്രകാരം തുക നൽകിയത്. ഫൈനൽ ബില്ല് പ്രകാരം ചെയ്ത പ്രവൃത്തിയിൽ ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റിലെ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നോ എന്നും വ്യക്തമല്ല.

4. സെക്കന്റ് പാർട്ട് ബില്ലിൽ എസ്റ്റിമേറ്റിലെ പ്രവൃത്തിയുടെ അളവിൽ ലിമിറ്റ് ചെയ്താണ് തുക നൽകിയത്. പിന്നീട് ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. തേർഡ് & ഫൈനൽ ബില്ല് പ്രകാരം സെക്കന്റ് പാർട്ട് ബില്ല് പ്രകാരം ചെയ്ത എല്ലാ പ്രവൃത്തിയുടെയും അളവ് കണക്കാക്കി തുക നൽകി. സെക്കന്റ് പാർട്ട് ബില്ല് നല്കി ഏതാണ്ട് ഒരു വർഷവും 9 മാസവും കഴിഞ്ഞാണ് തേർഡ് & ഫൈനൽ ബില്ല് പ്രകാരം ബാക്കി തുക നൽകിയത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ ലിമിറ്റ് ചെയ്തതിന് ശേഷം എല്ലാ പ്രവൃത്തിയുടെയും അളവ് കണക്കാക്കി തുക നൽകിയതിന് മറുപടി നൽകേണ്ടതാണ്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

5. ഈ കെട്ടിടം ഇപ്പോൾ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നും വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 5/16.1.24) മറുപടിയിൽ ഈ പ്രവൃത്തിക്ക് ജില്ലാ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട് എന്നും ഗ്രാമപഞ്ചായത്ത് ചെയ്ത പ്രവൃത്തികൾ ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും കെട്ടിട നിർമ്മാണം പൂർത്തിയാക്കി തുടർ നടപടിക്കായി സെക്രട്ടറിക്ക് കൈമാറി എന്നും അറിയിച്ചിട്ടുണ്ട്. മറുപടി പൂർണ്ണമല്ല. എല്ലാ പരാമർശങ്ങൾക്കും മറുപടി നൽകേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റ് ലഭിക്കാത്തതിനാൽ മറുപടിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ട് നടത്തിപ്പ് സുതാര്യമല്ലാത്തതിനാലും മേൽ പരാമർശങ്ങളിലെ 1 മുതൽ 5 വരെയുള്ള കാരണങ്ങളാലും ആകെ ചെലവഴിച്ച തുക ₹7,24,463/- തടസ്സപ്പെടുത്തുന്നു.

**1-23 പ്ലാമൂട് കർണൂർ റോഡ് മെയിന്റനൻസ് - അപാകതകൾ 51,171/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രവൃത്തി | പ്ലാമൂട് കർണൂർ റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നം. | S 0176/24 |
| കരാറുകാരൻ | ബൈജു വർക്കി |
| എസ്റ്റിമേറ്റ് | 7,66,000/- |
| എഗ്രീഡ് തുക | 6,71,738 |
| എം ബുക്ക് | 663/2021-22 |
| ചെയ്ത പ്രവൃത്തി | 6,74,096/- (ബിൽ നം.41, 19/6/23) |
| എഗ്രിമെന്റ് | 22/AE/Lsgd/KTPDY/21-22 തീയതി. 17.3.22 |

പ്രോജക്ട് പ്രകാരം നിലവിലുണ്ടായിരുന്ന 5.5 മീറ്റർ നീളത്തിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി ഇടിഞ്ഞുപോയത് പൊളിച്ച് മാറ്റി 6.5 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് (RCC) ഉപയോഗിച്ച് പുതിയതായി സംരക്ഷണഭിത്തി പണിയുകയാണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം നിലവിലുള്ള 7.2 മീറ്റർ നീളത്തിൽ 3 മീറ്റർ ഉയരത്തിലുള്ള കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി പൊളിച്ച് മാറ്റി ( പൊളിച്ച് മാറ്റിയത് - 7.2m X (1 + 0.5)/2 X 3m = $16.2m^3$ ) അവിടെ 7.3 മീറ്റർ നീളത്തിൽ 4.51 മീറ്റർ (ആവറേജ്) ഉയരത്തിൽ കോൺക്രീറ്റിംഗ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഈ സംരക്ഷണ ഭിത്തിയുടെ ഫൗണ്ടേഷൻ ലെവൽ ചെയ്യുന്നതിന് ഐറ്റം 11.4.3.1 പ്രകാരം കോൺക്രീറ്റിംഗ് ചെയ്തതിന് 7.2m X 2.25m X 0.3m = 4.86$m^3$ X 8127.66/$m^3$ = 39,500/- രൂപയും അതിന്റെ മുകളിൽ ഫൗണ്ടേഷൻ ചെയ്യുന്നതിന് ഐറ്റം 11.4.2.1 പ്രകാരം 7.3m X 2.3m X 0.393m = 6.60$m^3$ X 7484.76/$m^3$ = 49399/- രൂപയും നൽകിയിട്ടുണ്ട്. ഇതിന് മുകളിൽ സൂപ്പർ സ്ട്രക്ചർ 4.51 മീറ്റർ (ആവറേജ്) പണിതതിന് 40.978$m^3$ X 7484.76/$m^3$ = 3,06,710/- രൂപയും ചെലവായി.
സംരക്ഷണഭിത്തിയുടെ എർത്ത് വർക്കിനായി
ഐറ്റം 11.1.1.1 പ്രകാരം (Ordinary Soil Upto 3m Depth) 33.483$m^3$ X 700/$m^3$ = 23,438/ - രൂപയും
ഐറ്റം 11.1.1.2 പ്രകാരം (Ordinary Soil Upto 6m Depth) 34.666$m^3$ X 800/$m^3$ = 27,733/ - രൂപയും നൽകി.

പൊളിച്ചെടുത്ത കരിങ്കല്ല് ഉപയോഗിച്ച് സൈഡിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് 2.063$m^3$ X 1500/$m^3$ = 3094/- രൂപയും നൽകി.

ഓഡിറ്റ് പരാമർശങ്ങൾ.

1. ഈ പ്രവൃത്തിയിൽ എർത്ത് വർക്ക് ചെയ്തിരിക്കുന്നത് മുകളിലെ മണ്ണ് മാറ്റുന്ന പ്രവൃത്തിയാണ്. ആകെ ഫൗണ്ടേഷൻ ഉൾപ്പെടെ 5.09 മീറ്റർ ഉയരത്തിൽ മാത്രമാണ് മണ്ണ് മാറ്റിയിട്ടുള്ളത്. എം ബുക്ക് പ്രകാരം ഫൗണ്ടേഷൻ ഉൾപ്പെടെ 3 മീറ്റർ ഉയരത്തിൽ മണ്ണ് മാറ്റിയതിന് 33.48$m^3$ X 700/$m^3$ = 23,438/- രൂപയും അതിന് മുകളിൽ 2.09 മീറ്റർ ഉയരത്തിൽ മണ്ണ് മാറ്റിയതിന് 34.666 $M^3$ X 800/$m^3$ = 27,733/ രൂപയും നൽകി. ഇതിന് നല്കാവുന്ന നിരക്ക് ഐറ്റം നം. 3.5.1 പ്രകാരം 358.48*$m^3$ മാത്രമാണ്. (ഇതിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് 350/*$m^3$ മാത്രമാണ്.) അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

2. നിലവിലെ സംരക്ഷണഭിത്തി പൊളിച്ച് മാറ്റിയതിന് - 7.2m X (1 + 0.5)/2 X 3m = 16.2$m^3$ മാത്രമാണ് ലഭിച്ചത് എന്നാണ് എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പരിശോധിക്കേണ്ടതാണ്.

3. കോൺക്രീറ്റിംഗ് ഉപയോഗിച്ച് പണിത സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷൻ പണിയുന്നതിന് ഫൗണ്ടേഷൻ ലെവൽ ചെയ്യുന്നതിന് ഐറ്റം 11.4.3.1 പ്രകാരം കോൺക്രീറ്റിംഗ് ചെയ്തതിന് 7.2m X 2.25m X 0.3m = 4.86$m^3$ X 8127.66/$m^3$ = 39,500/- രൂപയും അതിന്റെ മുകളിൽ ഫൗണ്ടേഷൻ ചെയ്യുന്നതിന് ഐറ്റം 11.4.2.1 പ്രകാരം 7.3m X 2.3m X 0.3909 = 6.600$m^3$ X 7484.76/$m^3$ = 49399/- രൂപയും നൽകിയിട്ടുണ്ട്. ഇതിനായി ഇത്രയും അളവിൽ കോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകതയും പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.7/16.11.24) മറുപടിയിൽ നിലവിലെ കെട്ട് പൊളിഞ്ഞ് പോയ അവസ്ഥയിലായിരുന്നു. അതിൽ കരാറുകാരൻ പൊളിച്ചു നീക്കിയിട്ടുള്ള കരിങ്കല്ലിന്റെ അളവാണ് എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും, അവിടെ കിടന്ന കരിങ്കല്ല് സ്റ്റാക്ക് ചെയ്തപ്പോൾ അധികം വരികയും അത് ലേല നടപടിക്കായി സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും, മണ്ണെടുത്തപ്പോൾ പാറ കണ്ടതിനാൽ പാറ സർഫേസ് ലെവൽ ചെയ്യുന്നതിനാണ് ഫൗണ്ടേഷന് വേണ്ടി കോൺക്രീറ്റിംഗ് ചെയ്തത് എന്നും പറയുന്നു.

മറുപടി പൂർണ്ണമല്ല. സ്റ്റാക്ക് ചെയ്ത കരിങ്കല്ലിന്റെ അളവ് ലഭ്യമല്ല. അത് എവിടെയാണ് സ്റ്റാക്ക് ചെയ്തത് എന്നും വ്യക്തമല്ല. അവ ലേലം ചെയ്ത് ആ വിവരം അറിയിക്കേണ്ടതാണ്. മണ്ണ് എടുത്തതിന് അധികം നൽകിയ നിരക്ക് സംബന്ധിച്ച് മറുപടി ഒന്നും നൽകിയില്ല. ആയതിനാൽ മണ്ണെടുത്തതിന് നൽകിയ 51,171/- രൂപ (23,438 + 27,733) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 സർക്കാർ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല-**

**₹34,712/-തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് നം | 63/2024 |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 700000/- ( മെയിന്റനൻസ് ഫണ്ട് ) |
| ചെലവ് | 700000/- ( മെയിന്റനൻസ് ഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ബിൽ നം | 34/2.2.2024 |

ആയുർവ്വേദ ഡോക്ടർ നടപ്പാക്കിയ, ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 7,00,000/- രൂപ മേൽ വിവരിച്ച പ്രകാരം ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല.

2. ഇൻവോയ്സ് നം 90328061, 90333129, 90342168, 90345803, 90346643 എന്നിവ പ്രകാരം യഥാക്രമം 93680/-, 96361/-, 366878/-, 102149/-, 6220/- എന്നീ തുകകളുടെ ആകെ 665288/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമല്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (18/20.11.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 34,712/- രൂപ (7,00,000-6,65,288) തടസ്സപ്പെടുത്തുന്നു.

**1-25 സ്കൂൾ കെട്ടിടത്തിൽ അറ്റകുറ്റപണി നടത്തി- നിബന്ധനകൾ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം | 123/2024 |
| പ്രോജക്ടിന്റെ പേര് | പാനിപ്ര സ്കൂൾ കെട്ടിടത്തിൽ അറ്റകുറ്റപണി |
| അടങ്കൽ | 50000/- ( വികസന ഫണ്ട് ) |
| ചെലവ് | 45000/- ( വികസന ഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ, എൽ.പി.സ്കൂൾ |
| ബിൽ നം & തീയതി | 4799/15.12.2023 |

പ്രസ്തുത പ്രോജക്ട് പ്രകാരം പാനിപ്ര സ്കൂൾ കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് 45000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആഞ്ഞിലി മരത്തിന്റെ പട്ടിക വാങ്ങിയ വകയിൽ 11,050/- രൂപയും, സ്ക്രൂ, അലുമിനിയം ഷീറ്റ്, ആണി, ജി.ഐ ഷീറ്റ് എന്നിവ ഉൾപ്പടെയുള്ള വസ്തുക്കൾ വാങ്ങുന്നതിലേക്ക് 6665/- രൂപയും, 4 പേർ 4 ദിവസവും ഒരാൾ 5 ദിവസവും ജോലി ചെയ്തതിന്റെ കൂലി ചെലവിലേക്ക് 27,300/- രൂപയും ഉൾപ്പെടുന്നതാണ് ഈ ചെലവ്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവ്, ആവശ്യമായ മരത്തിന്റെ അളവ് എന്നിവയുടെ എസ്റ്റിമേറ്റ് എടുക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. മാത്രമല്ല ചെയ്ത പ്രവൃത്തിയുടെ അളവും ലഭ്യമല്ല. ഈ പ്രവൃത്തിയുടെ 45000/- രൂപയുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പ്രോജക്ട് വഴി ചെയ്ത പ്രവൃത്തിയുടെ അളവ് കണക്കാക്കി മാത്രമാണ് തുക നൽകേണ്ടത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.9/19.11.2024) മറുപടിയായി, സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി അടിയന്തിരമായി സ്കൂൾ അറ്റകുറ്റപണി നടത്താൻ സെക്രട്ടറി അനുവാദം കൊടുത്ത്, ഹെഡ് മാസ്റ്റർ പൈസ അഡ്വാൻസ് ചെയ്ത് നടപ്പാക്കിയ പ്രോജക്ടാണെന്നും, പിന്നീട് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതിനാലാണ് ബിൽ പാസാക്കിയത് എന്നും അറിയിച്ചിരിക്കുന്നു. നിബന്ധനകൾ പാലിച്ച് മാത്രം പ്രോജക്ട് നടപ്പാക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

**1-26-1 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - ഡിജിറ്റൽ രജിസ്റ്റർ ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട് നം | 52/2024 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ |
| അടങ്കൽ | 315010/-(വികസന ഫണ്ട് ) |
| ചെലവ് | 13724/- (വികസന ഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ നം | 308/06.01.2024 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ പ്രോജക്ട് പ്രകാരം 13,724/- രൂപ ചെലവഴിച്ച് 4 ഗുണഭോക്താക്കളുടെ ആവശ്യത്തിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം 115/2022/തസ്വഭവ, തീയതി 28.05.2022 ലെ ഖണ്ഡിക നം 7.1.3.4 പ്രകാരം ആനുകൂല്യം ലഭിച്ച വ്യക്തികൾക്ക് വീണ്ടും ലഭിക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരം ഒരു രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചു കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (9/19.11.2024) മറുപടിയിൽ വിവരങ്ങൾ എക്സൽ ഷീറ്റിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ആനുകൂല്യം ലഭിച്ച വ്യക്തികൾക്ക് വീണ്ടും ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-26 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ - ₹50,000/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 61/2024 |
| പ്രോജക്ടിന്റെ പേര് | മെയിന്റനൻസ് ഓഫ് കോക്ലിയാർ ഇംപ്ലാന്റ്സ് |
| അടങ്കൽ | 50000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 50000/- (വികസനഫണ്ട്-ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബി.ആർ.എൻ | 23120852098601486162/26.03.2024 |

കോക്ലിയാർ ഇംപ്ലാന്റ്സ് മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം, പ്രസ്തുത ആവശ്യത്തിലേക്കായി ഒരു ഗുണഭോക്താവിന് 50,000/- രൂപ നിരക്കിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താവായ മാസ്റ്റർ മുഹമ്മദ് സിനാൻ, ചിറ്റേത്തുകുടി, പാനിപ്ര എന്ന വ്യക്തിയുടെ കോക്ലിയാർ ഇംപ്ലാന്റ്സ് അറ്റകുറ്റപണി ആവശ്യാർത്ഥം പ്രസ്തുത തുക മേൽ വിവരിച്ച പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന് പ്രസ്തുത സേവനം ലഭിച്ചതിന്റെയും, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തുക ചെലവഴിച്ചതിന്റെയും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
പ്രസ്തുത അപാകതകളിൽ വിശദീകരണം ലഭ്യമാക്കാൻ താൽപര്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (9/19.11.2024) ലഭ്യമാക്കിയ മറുപടി പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും, കത്ത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും, അറിയിച്ചിരിക്കുന്നു. പ്രസ്തുത ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ തുക 50,000/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-27 ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ചു

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ കണക്കാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തുകയും സഞ്ചയയിൽ നിന്നുള്ള ഫോറം-6 ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു.

| കെട്ടിട നമ്പർ | കണക്കാക്കിയിരുന്ന വാർഷിക വസ്തുനികുതി | ഓഡിറ്റ് അന്വേഷണം | പുനർനിർണ്ണയിച്ച വാർഷിക വസ്തുനികുതി | നിലവിൽ ഒടുക്കിയ നികുതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 10/ 81 A (2023-24 രണ്ടാം അർദ്ധവർഷം) | 4127/- | 4/16.11.2024 | 6838 /- | 2063/- (1230801315/ 20.02.2024) | വസ്തുനികുതി പുനർനിർണ്ണയിച്ചതിനാൽ കുടിശ്ശികയായ 1356/- രൂപ ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. |
| 10/ 249 B | 9190/- | 5/16.11.2024 | 16554 /- | 4595/- (1230800770/ | വസ്തുനികുതി പുനർനിർണ്ണയിച്ചതിനാൽ |

| | | | | | |
|---|---|---|---|---|---|
| (2023-24 രണ്ടാം അർദ്ധവർഷം) | | | | 07.02.2024) | കുടിശ്ശികയായ 3681/- രൂപ ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽനികുതി - കുറഞ്ഞ നിരക്കിൽ ഈടാക്കി ₹500/-നഷ്ടം

ഗ്രാമപഞ്ചായത്തിലെ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. ആയതിനാൽ പഞ്ചായത്തിന് വരവിനത്തിൽ ₹500/- നഷ്ടം വന്നിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കിയ തൊഴിൽനികുതി ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | കോട്ടപ്പടി ഈസ്റ്റ് എസ്.സി.ബി ലിമിറ്റഡ് നം.ഇ 152, അയ്രൂർപാടം | ബെന്നറ്റ് ജോയ് അബ്രഹാം | I | 159252 | 1000 (1230401085 /14.09.2023) | 1250 | 250 |
| 2 | ഗവ.എൽ.പി.എസ് കോട്ടപ്പടി നോർത്ത് | ജസ്റ്റിൻ ജോർജ്ജ് | II | 127273 | 1000 (1230401025 /04.09.2023) | 1250 | 250 |
| ആകെ കുറവ് | | | | | | | 500 |

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവനനിർമ്മാണം 2023-24 എസ്.സി(149/24) | 200000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 820000 | ലൈഫ് ഭവനനിർമ്മാണം 2023-24 എസ്.സി(36/24) | 820000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 362500 | പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (29/24) | 362500 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 256000 | നെൽകൃഷി വികസനം (18/24) | 256000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 84780 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(48/24) | 84780 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 400000 | ലൈഫ് പദ്ധതി ഭവനനിർമ്മാണം (ജനറൽ) (15/24) | 400000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 70000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (7/24) | 70000 | 0 |
| **ആകെ** | **2193280** | | 2193280 | |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 294340 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(48/24) | 294340 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതി-എസ് ടി (36/24) | 100000 | 0 |
| കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 60000 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (7/24) | 60000 | 0 |
| **ആകെ** | **454340** | | **454340** | |

ജില്ലാ പഞ്ചായത്ത് വിഹിതം ധനകാര്യ പത്രികയിലെ തുകയും സുലേഖയിലെ തുകയും പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (261/24) | 42301223/ 31.03.2024 | 84630/- | 0 | 84630/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 2200000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (ഹഡ്കോ) | ജിഒ(എംഎസ്) 100/2018 /തസ്വഭവ തീയതി 30.07.2018 | 8026320 | 2200000 | 2468180 | 0 | 7758140 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെ.യു.ആർ. ഡി.എഫ്.സി.) | KURDFC/ ഉത്തരവ് നം. /300/2015 തീയതി 23-05-2015 | 1871882 | 0 | 1038136 | 0 | 833746 |

**തിരിച്ചടവിന്റെ വിവരം**

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 278/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹494475 |
| 282/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹494475 |
| 286/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹494473 |
| 280/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹323603 |
| 283/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹323603 |
| 287/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹323601 |
| 279/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ടി.എസ്.പി. | ₹4650 |
| 289/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ടി.എസ്.പി. | ₹4650 |
| 288/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -ടി.എസ്.പി. | ₹4650 |
| ആകെ | | ₹2468180 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 8000/- രൂപയുടെ വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം (190100102) എന്ന ഹെഡ്ഡിലെ വരവിനൊപ്പം ആണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2022-23 | 1-13 | 4000/- | എൽദോ ജോസ് / പെട്രോൾ പമ്പ് | 42301237/ 31.03.2024 |
| 2 | 2022-23 | 1-13 | 4000/- | എൽദോ ജോസ് / പെട്രോൾ പമ്പ് | 42301238/ 31.03.2024 |
| | | ആകെ | 8000/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2014-15 | 2.1(B) | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 35970550 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33143824 |
| വരവിനങ്ങളിലുള്ള നഷ്ടം | 500 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,16,346 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 500 | --- | ബിനു വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 500 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹16,56,000/- | ശ്രീമതി ചെൽസ മറിയം, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-22 | ₹7,24,463/- | ശ്രീമതി ചെൽസ മറിയം, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-23 | ₹51,171/- | ശ്രീമതി ചെൽസ മറിയം, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-24 | ₹34,712/- | ഡോ. ലത പി.കെ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-26 | ₹50,000/- | ശ്രീമതി സിന്ധു വി. ശങ്കർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | ₹25,16,346/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ബിന വർഗ്ഗീസ്, സെക്രട്ടറി | സെക്രട്ടറി, | ബഥേൽ വീട്, തുംമ്പമൺ, പന്തളം |
| 2 | ശ്രീമതി.ചെൽസ മറിയം, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ | മുതിയേലി വീട് രായമംഗലം പി ഒ കുറുപ്പംപടി |
| 3 | ശ്രീമതി.സിന്ധു വി ശങ്കർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കോതമംഗലം ബ്ലോക്ക് | പള്ളിപ്പാട്ട്കുടി വീട്, രായമംഗലം പി.ഒ |
| 4 | ഡോ. ലത പി.കെ., മെഡിക്കൽ ഓഫീസർ, ആയുർവേദം | ഗവ. ആയുർവേദ ഡിസ്പെൻസറി, കോട്ടപ്പടി | പറമ്പികുടി വീട് ഇരിങ്ങോൾ, പെരുമ്പാവൂർ പിൻ-683548 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 |
| 2010-11, 2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017 തീയതി 25.11.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി7)2356/2018 തീയതി 14.02.19/08.03.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി7)1177/2019 തീയതി 03.09.19 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി7)182/2022 തീയതി 12.04.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.(പി7)1181/2022 തീയതി 08.08.2021 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം.(പി7)259/2023 തീയതി 13.04.2023 |
| 2022-23 | കെ.എസ്.എ-ഇ.കെ.എം.(പി7)1138/2023 തീയതി 05.09.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 24-05-2024 and submitted on 24-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kottapady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kottapady Grama Panchayat as on 31-03-2024

**Date: 29/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kottapady Grama Panchayat for the Year 2023-2024.

### 1.Major Observations

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

2. Capital expenditure occured from maintenance grand.

3. Rent arrear demand is not accurate.

### 2.Other Observations

1. Property tax figures do not match between the annual financial statements and Sanchaya figures.

2. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്